**സബ്മിഷൻ**

(1) കേരള ബാങ്കിനെ തരംതാഴ്ത്തിയ നടപടി

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, 2022-23 സാമ്പത്തിക വർഷത്തെ നബാർഡ് ഇൻസ്പെക്ഷൻ പ്രകാരം കേരള ബാങ്കിന്റെ ക്ലാസിഫിക്കേഷൻ 'സി' കാറ്റഗറിയിലേയ്ക്ക് തരംതാഴ്ത്തിയിരിക്കുകയാണ്. നബാർഡിന്റെ ക്രെഡിറ്റ് മോണിറ്ററിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥകൾപ്രകാരം 'സി' ഗ്രേഡ് റേറ്റിംഗുള്ള ബാങ്കുകൾക്ക് അനുവദിക്കാവുന്ന പരമാവധി വ്യക്തിഗത വായ്പ 25 ലക്ഷം രൂപയാണ്. ആ പരിധിയിലേയ്ക്ക് സംസ്ഥാനത്തെ കേരള ബാങ്ക് മാറിയിരിക്കുകയാണ്. കേരള ബാങ്ക് മെമ്പർ സൊസൈറ്റികളിൽ വർഷാവർഷം ഇൻസ്പെക്ഷൻ നടത്തുന്നില്ല, ഏഴ് ശതമാനത്തിൽ കുറവായിരിക്കേണ്ട എൻ.പി.എ. പതിനൊന്ന് ശതമാനത്തിന് മുകളിലേയ്ക്ക് പോയി, ഭരണസമിതിയിൽ പ്രൊഫഷണലുകളില്ല, വിവിധ സർക്കാർ ഏജൻസികൾക്ക് അനുവദിച്ച വായ്പകൾ കിട്ടാക്കടമായി മാറുന്നു തുടങ്ങിയ നിരീക്ഷണങ്ങളാണ് നബാർഡ് നടത്തിയിട്ടുള്ളത്. ജില്ലാ ബാങ്കുകൾ ലയിച്ച് കേരള ബാങ്ക് ആകുന്നതിനുമുമ്പ് ഒരു പ്രാവശ്യം മാത്രമാണ് വയനാട് ജില്ലാ ബാങ്ക് 'സി'

കാറ്റഗറിയായിരുന്നത്. മറ്റൊരു ജില്ലാ സഹകരണ ബാങ്കും 'സി' കാറ്റഗറിയിലായിരുന്നില്ല. ലാഭത്തിലായിരുന്ന ജില്ലാ സഹകരണ ബാങ്കുകളെയാണ് നഷ്ടത്തിലായ കേരള ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചിരിക്കുന്നത്. സഹകരണ മേഖല അതിന്റെ എക്കാലത്തെയും വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുന്നൊരു സമയമാണ്. പല ബാങ്കുകളും withdrawal വന്നതുകാരണം വലിയ ക്രൈസിസാണ്. സംസ്ഥാനത്തുടനീളമുള്ള പല ബാങ്കുകളും അടച്ചുപൂട്ടലിന്റെ അവസ്ഥയിൽ നിൽക്കുകയാണ്. തൃശ്ശൂർ ജില്ല മാത്രമല്ല, പല ജില്ലകളിലും വലിയ പ്രതിസന്ധിയാണ്. നൂറുകണക്കിന് കോടിരൂപയുടെ withdrawal വന്നുകൊണ്ടിരിക്കുകയാണ്. ഈ സമയത്തൊന്നും കേരള ബാങ്കിന് സഹായിക്കാൻ പറ്റുന്നില്ല. കരുവന്നൂർ ബാങ്കിന്റെ വിഷയം വന്നപ്പോൾ, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് ഉണ്ടായിരുന്നുവെങ്കിൽ 24 മണിക്കൂറിനകം അത് പരിഹരിക്കുമായിരുന്നു. അതിനായി നിക്ഷേപകർക്ക് ഒരു ഗ്യാരന്റി സ്കീം നടപ്പാക്കുകയോ അല്ലെങ്കിൽ പണം കൊടുത്ത് സഹായിക്കുകയോ ചെയ്യുമായിരുന്നു. ഇപ്പോൾ ജില്ലാ സഹകരണ ബാങ്ക് ഇല്ല. കേരള ബാങ്കിന് ഇത്തരം കാര്യങ്ങളിൽ ഇടപെടാനും പറ്റുന്നില്ല. കാരണം

റിസർവ് ബാങ്കിന്റെ കക്ഷത്തിലാണ് കേരള ബാങ്കിന്റെ തലയിരിക്കുന്നത്. റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമായി മാത്രമേ ഇതുപോലെയുള്ള റെസ്ക്യൂ ഓപ്പറേഷൻസ് നടത്താൻ സാധിക്കുകയുള്ളൂ. നേരത്തെ ജില്ലാ സഹകരണ ബാങ്കുകൾ ചെയ്തിരുന്ന ഫംങ്ഷൻസൊന്നും കേരള ബാങ്കിന് ചെയ്യാൻ കഴിയാത്ത സാഹചര്യമാണ്. ജില്ലാ ബാങ്കുകളെ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിനെ ഞങ്ങൾ ശക്തിയായി എതിർത്തതാണ്. ഇപ്പോൾ എത്രമാത്രം വലിയ അപകടത്തിലാണ്. സംസ്ഥാനത്തെ സഹകരണ മേഖല ഏറ്റവും വലിയ ക്രൈസിസ് നേരിടുന്ന ഈ ഘട്ടത്തിലാണ്, ഒരു തരത്തിലും ആ ബാങ്കുകളെയോ അല്ലെങ്കിൽ നിക്ഷേപകരെയോ സംരക്ഷിക്കാൻ കേരള ബാങ്കിന് കഴിയാതിരിക്കുന്ന അവസ്ഥയിലാണ് ഇപ്പോൾ 'സി' ഗ്രേഡിലേയ്ക്ക് കൂടി ഇത് തരംതാഴ്ത്തപ്പെട്ടിരിക്കുന്നത്. ഇത് ഗൗരവതരമായി കൈകാര്യം ചെയ്തില്ലെങ്കിൽ, പുനരാലോചനകൾ ഇത്തരം കാര്യങ്ങളിൽ ഉണ്ടായില്ലെങ്കിൽ സഹകരണ മേഖല വീണ്ടും അപകടത്തിലേയ്ക്ക് പോകുമെന്ന് വിനീതമായി ഈയവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, അങ്ങിവിടെ സൂചിപ്പിച്ചത് 2022-23 വർഷത്തെ ഇൻസ്പെക്ഷനാണ്. 2023-24 ഇൻസ്പെക്ഷനിൽ ചൂണ്ടിക്കാണിച്ച മുഴുവൻ വിഷയവും റെക്ടിഫൈ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെന്ന് സൂചിപ്പിക്കുകയാണ്. രണ്ടാമതായി സൂചിപ്പിക്കാനുള്ളത്, കേരള ബാങ്ക് വന്നില്ലെങ്കിൽ പല ജില്ലാ ബാങ്കുകളും ഇന്ന് ഉണ്ടാകില്ലായിരുന്നുവെന്ന യാഥാർത്ഥ്യം അങ്ങ് തിരിച്ചറിയണം. തിരുവനന്തപുരം ജില്ലാ ബാങ്ക് ലിക്വിഡേഷന്റെ വക്കിലേയ്ക്ക് പോകുന്ന ഘട്ടത്തിലാണ് കേരള ബാങ്ക് രൂപീകരിച്ചത്. കേരള ബാങ്ക് വന്നതിനുശേഷം ഇതുവരെയുള്ള സ്ഥിതി പരിശോധിച്ചാൽ എല്ലാ വർഷവും ലാഭത്തിലായിരുന്നുവെന്ന് മനസ്സിലാകും. ഈ വർഷം റിക്കോർഡ് ലാഭത്തിലാണ്. കഴിഞ്ഞ വർഷം 20 കോടി രൂപയാണ് ലാഭമെങ്കിൽ 2023-24 വർഷത്തിൽ 209 കോടി രൂപ ലാഭത്തിലേയ്ക്ക് വന്നിരിക്കുന്നു എന്ന സന്തോഷ വാർത്ത അങ്ങയെ അറിയിക്കുന്നു. പ്രൈമറി സംഘങ്ങളെ സഹായിക്കുന്നില്ലെന്ന് അങ്ങ് പറഞ്ഞത് ശരിയല്ല. പ്രൈമറി സംഘങ്ങൾക്ക് റിസർവ് ബാങ്കിന്റെ നോംസിന് വിധേയമായി സഹായിക്കാവുന്ന കാര്യങ്ങൾ

ചെയ്യുന്നുണ്ട്. ചില ജില്ലകളിൽനിന്നും തിരിച്ചടവിൽ കുറവ് വരുന്നുണ്ട് എന്നത് ശരിയാണ്. അതിന്റെ ഭാഗമായി Non Performing Assets (NPA) കുറച്ചുകൊണ്ടുവന്നിട്ടുണ്ട്. ഈ വർഷത്തെ NPA 11.45 ആയി ചുരുങ്ങി, 30 ശതമാനത്തിൽനിന്ന് കുറച്ചുകൊണ്ടുവന്നതാണ്. കഴിഞ്ഞ വർഷം അത് 12.35 ആയിരുന്നു. ഈ വർഷം ലാഭത്തിലേയ്ക്ക് വന്നിട്ടുണ്ട്. സി.ഡി. (ക്രെഡിറ്റ്-ഡെപ്പോസിറ്റ്) റേഷ്യോയിലും വ്യത്യാസം വന്നിട്ടുണ്ട്. അത് 71 ശതമാനമായത് ചെറിയ കാര്യമല്ല. അതുപോലെ 1,16,000/- കോടി രൂപയുടെ ബിസിനസ്സാണ് നടന്നത്. കേരള ബാങ്ക് ഈ രംഗത്ത് വന്നതിനുശേഷമുള്ള മാറ്റങ്ങളാണ്. കേരള ബാങ്കിന്റെ റേറ്റിംഗ് റിസർവ് ബാങ്ക് മാറ്റിയിട്ടില്ല. അതേസമയം കേരള ബാങ്കിന്റെ റേറ്റിംഗിൽ നബാർഡ് വരുത്തിയിട്ടുള്ള മാറ്റം എന്നത് 2022-23 സാമ്പത്തിക വർഷത്തെ നബാർഡിന്റെ വാർഷിക പരിശോധനയുമായി ബന്ധപ്പെട്ട സാധാരണ നടപടിക്രമം മാത്രമാണ്. ഈ റേറ്റിംഗ് വ്യത്യാസം 25 ലക്ഷം രൂപയിൽ അധികം വരുന്ന വ്യക്തിഗത വായ്പകളെ മാത്രമാണ് ബാധിക്കുന്നത്. നിലവിൽ ഇത്തരം വായ്പകൾ 3 ശതമാനം മാത്രമാണ്. നബാർഡിന്റെ റേറ്റിംഗ് നിലവിൽ സംഘങ്ങൾക്ക് നൽകിവരുന്ന കാർഷിക

വായ്പ, സംഘാംഗങ്ങൾക്കുള്ള മറ്റ് വായ്പകൾ, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക് നൽകുന്ന വായ്പകൾ, സംഘങ്ങൾക്കുള്ള ഓവർഡ്രാഫ്റ്റ് വായ്പകൾ, വ്യക്തികൾക്കുള്ള ഭവന വായ്പകൾ എന്നിവയെ ബാധിക്കില്ല. മേൽപ്പറഞ്ഞ വായ്പകൾ നൽകുന്നതിന് യാതൊരു തടസ്സവും ഉണ്ടായിട്ടില്ല. നബാർഡിന്റെ റേറ്റിംഗ് മാറ്റംമൂലം പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്കും ഇതര സംഘങ്ങൾക്കും കേരള ബാങ്കിൽനിന്ന് വായ്പ നൽകുന്നതിന് ഒരു വിധത്തിലുള്ള തടസ്സവും ഉണ്ടാകുന്നില്ല. ബാങ്ക് പ്രധാനമായും ലക്ഷ്യമിടുന്നത് എം.എസ്.എം.ഇ. വായ്പ, ലോംഗ് ടേം അഗ്രികൾച്ചർ വായ്പ, സ്വർണ്ണപ്പണയ വായ്പ, ഭവന വായ്പ, സംഘം വായ്പ എന്നിവയ്ക്കാണ്. ഇത്തരം വായ്പകൾക്ക് നബാർഡ് റേറ്റിംഗ് ബാധകമല്ലാത്തതിനാൽ ഇപ്പോഴുള്ള റേറ്റിംഗ് വ്യത്യാസം ബാങ്കിന്റെ പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നില്ല. പ്രസ്തുത റേറ്റിംഗ് നിലവിൽ സംഘങ്ങൾക്ക് നൽകി വരുന്ന കാർഷിക വായ്പ, സംഘങ്ങൾക്കുള്ള വായ്പ, പ്രാഥമിക കാർഷിക വായ്പ, സഹകരണ സംഘങ്ങൾക്ക് നൽകുന്ന വായ്പകൾ, വ്യക്തികൾക്കുള്ള ഭവന വായ്പകൾ എന്നിവയെയും ബാധിക്കുന്നില്ല. തുടർന്നും

മേൽപ്പറഞ്ഞ വായ്പകൾ അനുസ്യൂതം നൽകുന്നതിൽ യാതൊരു തടസ്സവും സൃഷ്ടിക്കുന്നില്ല. നിലവിൽ നൽകി വരുന്ന വായ്പ തോത് അനുസരിച്ച് ചെറുകിട സംരംഭക വായ്പ നൽകുന്നതിനും കാര്യമായ തടസ്സമുണ്ടാകുന്നില്ല. 2023-24 സാമ്പത്തിക വർഷത്തിൽ കണക്ക് അവസാനിച്ചപ്പോൾ കേരള ബാങ്ക് 209 കോടി രൂപ ലാഭത്തിലാണ്. കേരള ബാങ്ക് രൂപീകരിച്ചതിനുശേഷമുള്ള ഏറ്റവും കൂടിയ ലാഭമാണ്. എം.എസ്.എം.ഇ. വായ്പ, ലോംഗ് ടേം അഗ്രികൾച്ചർ വായ്പ, സ്വർണ്ണപ്പണയ വായ്പ, ഭവന നിർമ്മാണ വായ്പ, സംഘം വായ്പകൾ എന്നിവയ്ക്ക് ഊന്നൽ നൽകി ഉത്പാദന-സേവന-കച്ചവട മേഖലയുമായി ബന്ധപ്പെട്ട് നൽകുന്ന വ്യാപാര ലോണുകൾ, ഗ്രാമീണ മേഖലയിൽ തൊഴിൽ വർദ്ധിപ്പിക്കുന്നതിനും യന്ത്രങ്ങൾ വാങ്ങി ഉപയോഗിക്കുന്നതിനുമായി ബന്ധപ്പെട്ട കെ.ബി. മെഷിനറി വായ്പകൾ, ടൂറിസം പ്രൊമോഷനുമായി ബന്ധപ്പെട്ട കെ.ബി. ഹോം സ്റ്റേ ലോണുകൾ, കെ.ബി. കാർ ലോണുകൾ, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്കുള്ള വായ്പകൾ എന്നിവ നൽകുന്നതിലൂടെ മെച്ചപ്പെട്ട പുരോഗതി കൈവരിക്കാൻ ബാങ്കിന് സാധിക്കുന്നു. കാർഷിക വായ്പകൾ നിലവിലുള്ള മൊത്തം വായ്പയുടെ 24.65 ശതമാനം

എന്നത് 30 ശതമാനമായി വർദ്ധിപ്പിക്കാൻ ബാങ്ക് പദ്ധതിയിട്ടിട്ടുണ്ട്. മൊത്തം വായ്പകളിൽ 6000 കോടി രൂപയുടെ വർദ്ധനവ് ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ നബാർഡ് ചൂണ്ടിക്കാണിച്ച ന്യൂനതകൾ ഭരണസമിതിയുടെ മേൽനോട്ടത്തിൽ ഇക്കൊല്ലം പരിഹരിച്ച് റേറ്റിംഗ് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(2) ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി

ശ്രീ. റോജി എം. ജോൺ: സർ, എറണാകുളം ജില്ലയിൽ അങ്കമാലിയും കാലടിയുമാണ് ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന പട്ടണങ്ങൾ. ദേശീയപാതയും എം.സി. റോഡും സംഗമിക്കുന്ന പട്ടണമാണ്. എറണാകുളത്തിന്റെ ഗേറ്റ്‌വേ എന്ന നിലയിൽ വിമാനത്താവളത്തിലേയ്ക്ക് ഉൾപ്പെടെ പോകുന്ന യാത്രക്കാർ വളരെ ഗുരുതരമായ ഗതാഗത പ്രശ്നമാണ് ഇവിടെ അനുഭവിക്കുന്നത്. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം അങ്കമാലിയും കാലടിയും സന്ദർശിച്ചപ്പോൾ അവിടെയുള്ള മുഴുവൻ ആളുകളും ശ്രദ്ധയിൽപ്പെടുത്തിയ ഒരു കാര്യം നിലവിൽ ട്രാഫിക് നിയന്ത്രിക്കുന്നതിന് ആവശ്യമായ പോലീസുകാർ ഇല്ലെന്നതാണ്. അവിടെ

എയർപോർട്ടുള്ളതിനാൽ നെടുമ്പാശ്ശേരി, അങ്കമാലി പോലീസ് സ്റ്റേഷനുകളിലെ പോലീസുകാർക്ക് വി.ഐ.പി. ഡ്യൂട്ടി നിരന്തരം വരുന്നുണ്ട്. അതുകൊണ്ട് സ്റ്റേഷൻ ഡ്യൂട്ടി നിർവ്വഹിക്കാൻ ആവശ്യമായ പോലീസുകാരില്ലാത്ത അവസ്ഥയാണ്. മണിക്കൂറുകളോളം നീണ്ടുനിൽക്കുന്ന രൂക്ഷമായ ഗതാഗതക്കുരുക്കാണ് അവിടെ അനുഭവപ്പെടുന്നത്. ഇതുമൂലം വിമാനത്താവളങ്ങളിലേയ്ക്ക് പോകുന്നവർക്ക് വിമാനം ലഭിക്കാത്ത സാഹചര്യമുണ്ടാകാറുണ്ട്. ആശുപത്രിയിൽ പോകുന്നവരും സ്കൂളുകളിൽ പോകുന്ന വിദ്യാർത്ഥികളും ഉൾപ്പെടെ അങ്കമാലിയിലും കാലടിയിലും ഗതാഗതക്കുരുക്ക് അനുഭവിക്കുന്നവർ നിരവധിയാണ്. ഇതിന് പരിഹാരമായി ആവശ്യത്തിനുള്ള ട്രാഫിക് പോലീസിനെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണം. അങ്കമാലി ബൈപാസിനായി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ നീണ്ടുപോകുകയാണ്. അതുകൊണ്ട് നിലവിലെ പോലീസ് സ്റ്റേഷന്റെ സ്ട്രെംഗ്ത് അനുസരിച്ച് അധികം പോലീസിനെ ലഭ്യമാക്കി ഗതാഗത പ്രശ്നത്തിന് പരിഹാരം കാണാനായി അവിടെ ആവശ്യമായ ട്രാഫിക് യൂണിറ്റ്

അനുവദിക്കാൻ സർക്കാർ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പുതിയ ട്രാഫിക് യൂണിറ്റിനുള്ള പ്രശ്നം നേരത്തെ സഭയിൽ വ്യക്തമാക്കിയതാണ്. സംസ്ഥാനത്തെ ട്രാഫിക് സംബന്ധമായ കേസുകൾ കൈകാര്യം ചെയ്യുന്നത് 14-07-2018-ലെ ഉത്തരവുപ്രകാരം ട്രാഫിക് സ്റ്റേഷനുകളിൽനിന്ന് അതത് ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് മാറ്റിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായ തരത്തിലാണ് കേന്ദ്രീകൃത സംവിധാനത്തെ ഇപ്രകാരം പ്രാദേശിക തലത്തിലേയ്ക്ക് മാറ്റിയത്. പഴയ ട്രാഫിക് പോലീസ് സ്റ്റേഷനുകൾ നിലവിൽ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളായി പ്രവർത്തിച്ചുവരുന്നു. നൂതന സങ്കേതിക വിദ്യ കൂടി സംയോജിപ്പിച്ച് ഗതാഗത നിയന്ത്രണത്തിനും റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ആവശ്യമായ സമയങ്ങളിൽ കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ വിന്യസിച്ച് ഗതാഗത ക്രമീകരണം നടത്തുന്നതിന് നിർദേശം നൽകിയിട്ടുണ്ട്.

അദ്ദേഹത്തിന്റെ ഒരു ആവശ്യം ഇതാണ്. ഈ സാഹചര്യത്തിൽ പുതിയ ട്രാഫിക് യൂണിറ്റുകൾ സ്ഥാപിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(3) കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡിനായി ഭൂമി ഏറ്റെടുക്കൽ

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കുറ്റ്യാടി മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട പി.ഡബ്ല്യൂ.ഡി. റോഡാണ് കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ്. മണ്ഡലത്തിലെ ഏറ്റവും വലിയ പഞ്ചായത്തായ മണിയൂർ പഞ്ചായത്തിലെ നിവാസികളുടെ പ്രധാനപ്പെട്ട ഗതാഗതമാർഗ്ഗമാണത്. 15 വർഷമായി ഈ റോഡിനുവേണ്ടി ജനങ്ങൾ കാത്തിരിക്കുകയാണ്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് കിഫ്ബി ഫണ്ട് പുനരുദ്ധാരണത്തിനുവേണ്ടി അനുവദിച്ചെങ്കിലും പ്രവൃത്തി വേണ്ടത്ര വേഗതയിൽ മുന്നോട്ട് പോയില്ല. രണ്ടാം പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡ് താൽക്കാലികമായി ഗതാഗത യോഗ്യമാക്കുന്നതിന് ഫണ്ട് അനുവദിക്കുകയും റീ-ടാർ ചെയ്ത് പരിഹാരമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. 2021-ൽ ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി അക്വിസിഷൻ നടപടികൾ ആരംഭിച്ചു. നാല് തവണയാണ് 11(1) നോട്ടിഫിക്കേഷൻ

പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി നീട്ടിവച്ചിട്ടുള്ളതെന്ന് കാണാൻ കഴിയും. ഇപ്പോൾ വീണ്ടും 19(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി ലഭിച്ചിട്ടുള്ള കാലാവധി ഈ നവംബർ 9 ആണ്. അക്വിസിഷൻ നടപടി മുമ്പോട്ടുപോകുന്നത് വളരെ സാവധാനത്തിലാണ് എന്നതാണ് വസ്തുത. ആവശ്യമായ ജീവനക്കാരില്ലാത്തതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. സർവെയർമാരുടെ അപര്യാപ്തത കൊണ്ട് പ്രവർത്തനം വളരെ മന്ദഗതിയിൽ നീങ്ങുന്ന അവസ്ഥയാണുള്ളത്. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ സർവെയർമാരെ നിയമിച്ചുകൊണ്ട് വേഗതയിൽ കാര്യങ്ങൾ നിർവ്വഹിക്കണം. സർവെയർമാരെ ലഭ്യമല്ലെങ്കിൽ താൽക്കാലിക/ദിവസ വേതന അടിസ്ഥാനത്തിൽ സർവെയർമാരെ കണ്ടെത്തി പ്രശ്നം പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡിന്റെ നിർമ്മാണത്തിനായി കോഴിക്കോട് ജില്ലയിലെ വിവിധ വില്ലേജുകളിലായി 6.241 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കാനുള്ളത്.

ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പ്രശ്നം വളരെ ഗൗരവമായി സർക്കാർ കാണുകയാണ്. 13-08-2018-ലെ ഗവൺമെന്റ് ഉത്തരവ് നം.53/2018/റവന്യൂ പ്രകാരവും 14-08-2018-ലെ 2163-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച പ്രകാരവും സാമൂഹിക ആഘാത പഠനം നടത്തുന്നതിന് കോട്ടയം ജില്ലയിലെ കേരള വോളന്ററി ഹെൽത്ത് സർവ്വീസ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തിക്കൊണ്ട് 4(1) വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഏജൻസി സമർപ്പിച്ച സാമൂഹിക ആഘാത പഠന റിപ്പോർട്ട് വിദഗ്ദ്ധ സമിതി പരിശോധിക്കുകയും അവരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2013-ലെ എൽ.എ.ആർ.ആർ. ആക്ടിലെ സെക്ഷൻ 8-ലെ ഉപവകുപ്പ് 2 പ്രകാരം മേൽപ്രസ്താവിച്ച ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി തുടർ നടപടിക്രമം സ്വീകരിക്കാൻ 10-02-2021- ലെ ഉത്തരവ് നം.52/2021/റവന്യൂ പ്രകാരം സർക്കാർ അനുമതി നൽകുകയും ചെയ്തു. 2013-ലെ എൽ.എ.ആർ.ആർ. ആക്ടിലെ സെക്ഷൻ 14-ലെ വ്യവസ്ഥകൾ പ്രകാരം 21-05-2023-ലെ ഉത്തരവ് നം.130/2023/റവന്യൂ പ്രകാരം 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള സമയപരിധി നീട്ടിനൽകിയത് 08-11-2023-ൽ അവസാനിക്കുകയുണ്ടായി.

2013-ലെ എൽ.എ.ആർ.ആർ. ആക്ടിലെ സെക്ഷൻ 14 പ്രകാരം സമുചിത സർക്കാരിന് ന്യായമായ കാരണങ്ങൾ നിലനിൽക്കുന്നുവെന്ന് ബോധ്യപ്പെട്ടാൽ 12 മാസത്തിലെ കാലാവധി നീട്ടിനൽകുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്. കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 11(1) വിജ്ഞാപനം പുറപ്പെടുവിച്ചത് സമയപരിധി അവസാനിച്ചതിന് ഒരു ദിവസത്തിനുശേഷം 09-11-2023-ലാണ്. ഈ സാഹചര്യത്തിൽ 08-11-2023 -മുതൽ 09-11-2023 വരെയുള്ള 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള സമയപരിധി, 11(1) വിജ്ഞാപനത്തിനുശേഷം നൽകാമോയെന്ന് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭ്യമാക്കാൻ കോഴിക്കോട് ജില്ലാ കളക്ടറോട് ആവശ്യപ്പെടുകയുണ്ടായി. 2013-ലെ എൽ.എ.ആർ.ആർ. ആക്ടിലെ സെക്ഷൻ 14 പ്രകാരം 11(1) നോട്ടിഫിക്കേഷന്റെ കാലാവധി സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ വിദഗ്ദ്ധ സമിതി റിപ്പോർട്ട് സർക്കാർ അംഗീകരിച്ച തീയതി മുതലാണ് കണക്കാക്കേണ്ടതെന്നും ഇപ്രകാരം കണക്കാക്കി തെറ്റുതിരുത്തൽ വിജ്ഞാപനം വരികയാണെങ്കിൽ മേൽപ്പറഞ്ഞ രണ്ടുദിവസത്തെ വ്യത്യാസം

ഇല്ലാതാകുന്നതാണെന്നും അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ ഏറ്റെടുക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് 11(1) നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തുന്നതിനുള്ള അടിസ്ഥാനതീയതിയായി പരിഗണിച്ചത് സാമൂഹിക ആഘാത പഠന റിപ്പോർട്ട് വിലയിരുത്തി വിദഗ്ദ്ധ സമിതി സമർപ്പിച്ച തീയതിയായ 09-11-2020-ലാണ്. പക്ഷേ സർക്കാരിൽനിന്നും അംഗീകാരം ലഭിച്ചിട്ടുള്ള തീയതി 10-02-2021 ആണ്. ഇത്തരത്തിൽ ജില്ലാ കളക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശവും പരിഗണിച്ച് കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡിന്റെ നിർമ്മാണത്തിനായി കോഴിക്കോട് ജില്ലയിലെ വിവിധങ്ങളായ വില്ലേജുകളിലായി 6.241 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. റോഡ് വികസത്തിന്റെ അലൈന്റ്മെന്റ് സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷനുകൾ നിലവിലുണ്ട്. എങ്കിലും അലൈന്റ്മെന്റ് പ്രകാരമുള്ള സർവ്വേ ജോലികൾ പുരോഗമിച്ചുവരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ സർവേയർമാരുടെ കുറവ് ഭൂമി ഏറ്റെടുക്കൽ നടപടി വൈകിക്കുന്നതിന്

ഒരുപരിധിവരെ കാരണമാകുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം നേരിട്ടും കോഴിക്കോട് ജില്ലാ റവന്യൂ അസംബ്ലിയിലും ഇക്കാര്യം വളരെ കർശനമായി ഉന്നയിക്കുകയുണ്ടായി. ഡിജിറ്റൽ റീസർവ്വേ പദ്ധതി നടക്കുന്നതുകൊണ്ടുണ്ടായ ചില മാറ്റങ്ങൾ ഇക്കാര്യത്തിലും ഒരു ചെറിയ പ്രശ്നമായി വന്നിട്ടുണ്ട്. എങ്കിലും ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കൂടുതൽ സർവേയർമാരെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുന്നതും ബഹുമാനപ്പെട്ട അംഗം പ്രകടിപ്പിച്ച വികാരത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് പ്രത്യേകം പ്രാധാന്യം നൽകിക്കൊണ്ട് ഒരു ടൈം ടേബിൾ ഉൾപ്പെടെ പ്രസിദ്ധീകരിച്ച് മുന്നോട്ടു പോകാവുന്നതാണെന്ന് അറിയിക്കുന്നു.

(4) <u>കോട്ടയം ടെക്സ്റ്റൈൽസിന്റെ പ്രവർത്തനം</u>

(<u>ശ്രീ. മോൻസ് ജോസഫ്</u>): സർ, കടുത്തുരുത്തി നിയോജക മണ്ഡലത്തിലുൾപ്പെട്ട കോട്ടയം ടെക്സ്റ്റൈൽസ് മാസങ്ങളായി അടച്ചുപൂട്ടിയിരിക്കുകയാണ്. കേരള സംസ്ഥാന ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിൽ കോട്ടയം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യവസായ സ്ഥാപനമാണ് കോട്ടയം ടെക്സ്റ്റൈൽസ്. കടുത്തുരുത്തി,

ഏറ്റുമാനൂർ മണ്ഡലങ്ങളുടെ സംഗമ സ്ഥലവും കടുത്തുരുത്തി നിയോജക മണ്ഡലത്തിനുള്ളിൽ വരുന്നതുമായ ഈ സ്ഥാപനത്തിൽ മൂന്നൂറിലധികം വരുന്ന ജീവനക്കാർ ജോലി ചെയ്തുവരുന്നതാണ്. 2015-വരെ മൂന്ന് ഷിഫ്റ്റുകളായി ഈ സ്ഥാപനം ഇവിടെ പ്രവർത്തിച്ചിരുന്നു. പൊതുമേഖലാ സ്ഥാപനമാണെന്നതിന്റെ പേരിൽ അവരുടെ റേഷൻകാർഡ് വരെ വെള്ളനിറത്തിലുള്ള കാർഡായി എന്നുള്ളത് വലിയ ഒരു ഗതികേടാണ്, റേഷൻ പോലും വാങ്ങാൻ സാധിക്കാത്ത വിധത്തിൽ ഈ കുടുംബങ്ങളെല്ലാം പട്ടിണിയിലായിരിക്കുകയാണ്. മാസങ്ങളായി ഇവിടത്തെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളെല്ലാം കുടിശ്ശികയാണ്, സ്ഥാപനത്തിൽനിന്നും പിരിഞ്ഞുപോയവരുടെ ക്ഷേമനിധിയും ഗ്രാറ്റിവിറ്റിയുമുൾപ്പെടെയുള്ള ആനുകൂല്യങ്ങളും നൽകാൻ സാധിക്കുന്നില്ല. അതിനുവേണ്ടി മാത്രം 4 കോടി രൂപ ആവശ്യമാണ്. ഒരു ദശാബ്ദം മുമ്പുവരെ ഏറ്റവും ലാഭത്തിൽ പ്രവർത്തിച്ചിരുന്ന കേരളത്തിലെ സ്ഥാപനങ്ങളിലൊന്നാണ് കോട്ടയം ജില്ലയിലെ വേദഗിരിയിൽ കടുത്തുരുത്തി മണ്ഡലത്തിലുള്ള ഈ സ്പിന്നിംഗ് മിൽ. ഒരു മാസം 10 ലക്ഷത്തിലധികം രൂപ ലാഭമുണ്ടായിരുന്ന ഈ സ്ഥാപനത്തിൽ

തൊഴിലാളികൾക്കും ഗവൺമെന്റിനും വലിയ അനുഗ്രഹമായിരുന്നു. ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിൽ കേരളത്തിൽ ഏറ്റവും ലാഭകരമായി പ്രവർത്തിച്ചിരുന്ന ഈ മിൽ ഇപ്പോൾ നഷ്ടത്തിലായതിനെത്തുടർന്ന് വന്നിരിക്കുന്ന പ്രതിസന്ധികൾ പരിഹരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. മറ്റ് മില്ലുകളിലൊക്കെ കുടിശ്ശികയാകുന്ന ഫണ്ട് പകരം നൽകാനും മറ്റ് സ്ഥാപനങ്ങളെ സഹായിക്കുന്നതിനുമായി ഏറ്റവും കൂടുതൽ പ്രയോജനപ്പെടുത്തിയിരുന്ന സ്ഥാപനമാണ് കോട്ടയം ടെക്സ്റ്റൈൽസ്. ഇന്ന് ആ നല്ലകാലമൊക്കെ അവസാനിച്ച് കഷ്ടകാലത്തിന്റെ നടുവിൽ നിൽക്കുകയാണ്. ഈ വിഷയത്തിൽ പരിഹാരമുണ്ടാക്കുന്നതിനായി ഒരു സ്പെഷ്യൽ പാക്കേജ് കോട്ടയം ടെക്സ്റ്റൈൽസുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ആവിഷ്കരിച്ചിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് പ്രത്യേകമായി തയ്യാറാക്കിയ ഒരു മാസ്റ്റർ പ്ലാൻ ഇപ്പോൾ ഫ്രീസറിലാണ്. ഇപ്പോൾ മിക്കവാറും വൈദ്യുതി ചാർജ് അടയ്ക്കാത്തതിനാൽ ഫ്യൂസ് ഊരുകയും കമ്പനി അടച്ചുപൂട്ടിക്കിടക്കുകയുമാണ്. 25 ഏക്കറോളം വരുന്ന അടച്ചുപൂട്ടിക്കിടക്കുന്ന ഈ സ്ഥാപനത്തെ തുറന്നുപ്രവർത്തിപ്പിക്കാനുള്ള സാഹചര്യമുണ്ടാക്കണമെന്നും

10 കോടി രൂപയെങ്കിലും ഈ സാമ്പത്തിക വർഷം ഒരു സ്പെഷ്യൽ പാക്കേജ് എന്ന നിലയിൽ അനുവദിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. രാജീവ് മന്ത്രിയായപ്പോൾത്തന്നെ ഈ വിഷയത്തിൽ കാര്യമായി ഇടപെടുകയുണ്ടായി, പക്ഷേ ഒരു പുരോഗതിയും ഇതുവരെയുമുണ്ടായിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രത്യേകമായ പരിഗണനയോടെ മുഖ്യമന്ത്രി പ്രഖ്യാപിച്ചിരിക്കുന്ന സ്പെഷ്യൽ പാക്കേജിൽ കോട്ടയം ടെക്സ്റ്റൈൽസ് കൂടി ഉൾപ്പെടുത്തുന്നതിനും സ്ഥാപനം തുറന്നുപ്രവർത്തിപ്പിക്കാനും ഭാവി നവീകരണ പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർ പ്ലാൻ നടപ്പാക്കാനും തയ്യാറാകണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കോട്ടയം ടെക്സ്റ്റൈൽസിന്റെ പ്രശ്നം കുറെക്കാലമായി നിലനിൽക്കുന്നതാണ്. അദ്ദേഹം പറഞ്ഞതുപോലെ പ്രശ്നത്തിലിടപെട്ട് പരിഹാരമുണ്ടായില്ലെന്നത് ശരിയല്ല. കാരണം ഈ ഗവൺമെന്റ് അധികാരത്തിലെത്തിയ സന്ദർഭത്തിൽ കോട്ടയം ടെക്സ്റ്റൈൽസ് അടഞ്ഞുകിടക്കുകയായിരുന്നു. അടഞ്ഞുകിടന്നത് അതേപോലെ തുടരുകയല്ല

ചെയ്തത്. നമ്മുടെ എല്ലാവരുടെയും ശ്രമങ്ങളുടെ ഫലമായി അടഞ്ഞുകിടന്ന സ്ഥാപനത്തെ രണ്ടുവർഷത്തോളം തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചു. എന്നാൽ പൊതുവെ ടെക്സ്റ്റൈൽ മേഖല ലോകത്താകെയും വെല്ലുവിളി നേരിടുകയാണ്, തിരുപ്പൂർ മേഖലയും അടഞ്ഞുകിടക്കുന്ന അവസ്ഥയാണ്. കേരളത്തിലെ നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള എല്ലാ മില്ലുകളും അടച്ചിരിക്കുന്നു. ഗവൺമെന്റിന്റെ ഒരു പിൻബലത്തിലാണ് കേരളത്തിലെ മില്ലുകൾ ഈ പരിമിതികൾക്കിടയിലും കുറെയേറെ പ്രവർത്തിച്ചുപോകുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചത്. 2023-24 സാമ്പത്തിക വർഷത്തിൽ 38.04 കോടി രൂപയുടെ ഒരു മാസ്റ്റർ പ്ലാൻ അംഗീകാരം നൽകിയിരുന്നു. എന്നാൽ ഇക്കാര്യത്തിനായി കുറെയേറെ സമയമെടുക്കുമെന്നുള്ളതുകൊണ്ട് നിലവിലുള്ള മെഷീനുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 117.62 ലക്ഷം രൂപ ഇതിലുൾപ്പെടുത്തിയിരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ പ്രവർത്തന

മൂലധനമായി ഒരു കോടി ഏഴര ലക്ഷം രൂപ കോട്ടയം ടെക്സ്റ്റൈൽസിനായി വിനിയോഗിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വൈദ്യുതി ചാർജ് പ്രശ്നം പരിഹരിക്കാനായി സോളാർ പദ്ധതിക്കായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോട്ടയം മില്ലിന്റെ പ്രവർത്തനം നവംബർ മാസം മുതൽ ജോബ് വർക്ക് കൺവേർഷൻ വ്യവസ്ഥയിലേയ്ക്കാണ് കൊണ്ടുവരാൻ ശ്രമിച്ചത്. എന്നാൽ അവിടത്തെ മെഷീനുകളെല്ലാം പഴയതായതുകൊണ്ട് ഒരു കിലോ നൂൽ ഉല്പാദിപ്പിക്കുമ്പോൾ ഏകദേശം 62 രൂപയോളം നഷ്ടമുണ്ടാകും. അതുകൊണ്ട് കൺവേർഷൻ സംവിധാനവും അവിടെ ലാഭകരമായി കൊണ്ടുപോകാൻ സാധിക്കാത്തതിനാലാണ് അടച്ചുപൂട്ടേണ്ടിവന്നത്. ഇപ്പോൾ കോട്ടൺ ബോർഡ് രൂപീകരിക്കാൻ തീരുമാനിക്കുകയും അതിനായി 70 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്. ഇതിന്റെ ഭാഗമായി സീസൺ സമയത്ത് ക്വാളിറ്റിയുള്ളതും വില കുറഞ്ഞതുമായ പരുത്തി സംഭരിക്കാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്. ഇതോടുകൂടി വളരെയധികം മാറ്റങ്ങൾ ഈ മേഖലയിൽ വരുത്താൻ സാധിക്കും.

(5) മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം

ശ്രീ. എ. പ്രഭാകരൻ: സർ, നമ്മുടെ സംസ്ഥാനത്തെ മുഴുവൻ ആശുപത്രി മാലിന്യങ്ങളും കൊണ്ടുവന്ന് സംസ്കരിക്കുന്നത് മലമ്പുഴ നിയോജക മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ IMAGE എന്ന സംസ്കരണ പ്ലാന്റിലാണ്. ഈ പ്ലാന്റ് സ്ഥിതി ചെയ്യുന്നത് മലമ്പുഴ ഡാമിന് വളരെ അടുത്താണ്, എയർ ഡിസ്റ്റൻസ് നോക്കിയാൽ ഒരു കിലോമീറ്ററിലും താഴെയാണ്. ആ പ്രദേശത്തിനും പ്ലാന്റിനും ഉൾക്കൊള്ളാവുന്നതിനുമപ്പുറമുള്ള മാലിന്യമാണ് ദിനംപ്രതി അവിടേയ്ക്കെത്തുന്നത്. ആശുപത്രി മാലിന്യങ്ങളായതിനാൽ ആ പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യത്തെയും പരിസ്ഥിതിയെയും ദോഷകരമായി ബാധിക്കുന്നുണ്ട്. കൂടാതെ പാലക്കാട് മുനിസിപ്പാലിറ്റിയിലേയ്ക്കും പത്ത് പഞ്ചായത്തുകളിലേയ്ക്കും ശുദ്ധജലവിതരണം നടത്തുന്നത് മലമ്പുഴ ഡാമിൽനിന്നുമാണ്. ഇതിന്റെ ഭാഗമായി കുടിവെള്ളം മലിനമാകുകയും ഇത് പലവിധ രോഗങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നുണ്ട്. ഇവിടെ ജോലി ചെയ്യുന്ന തൊഴിലാളികളുടെ സ്ഥിതിയും അത്യന്തം ദയനീയമാണ്. ഇക്കഴിഞ്ഞ ജൂൺ മാസം 4-ാം തീയതി പ്ലാന്റിലുണ്ടായ

അപകടത്തിൽ 22 വയസ്സായ അഭിജിത്ത് എന്ന യുവാവ് മരണപ്പെട്ടു. ഈ സംഭവമുണ്ടായത് മാനേജ്മെന്റിന്റെ അനാസ്ഥയും അവിടെയുള്ള സുരക്ഷാ സംവിധാനങ്ങളുടെ കുറവുമാണ്. ഇതിനുമുമ്പ് പ്ലാന്റിൽ വൻ തീപിടിത്തമുണ്ടായി. മല പോലെ മാലിന്യങ്ങൾ കുന്നുകൂടിയതിന്റെ ഭാഗമായി സംസ്കരണം നടത്താതെ ഇടയ്ക്കിടയ്ക്ക് തീ വയ്ക്കുകയും, അതിലൂടെ അവർ ലാഭമുണ്ടാകുകയും ചെയ്യുന്നു. ഇക്കാര്യങ്ങളൊക്കെ അവിടെയുള്ള ആളുകൾക്ക് അറിയാവുന്നതാണ്, എന്നിരുന്നാലും പലപ്പോഴും ഇത്തരത്തിലുള്ള പ്രവർത്തികൾകൊണ്ട് ഈ പ്രദേശമാകെ മലിനമാക്കുകയാണ്. സംസ്ഥാനത്തെ മുഴുവൻ ആശുപത്രി മാലിന്യങ്ങളും ഈ ഒരു കേന്ദ്രത്തിലേയ്ക്ക് കൊണ്ടുവരുന്നതാണ് ഈ സ്ഥിതി ഇത്രയും വഷളാകുന്നതിന് കാരണമായത്. സമാനമായ മാലിന്യ സംസ്കരണ പ്ലാന്റുകൾ അതത് ജില്ലകളിൽ ആരംഭിച്ചാൽ ഈ ദുഃസ്ഥിതിക്ക് പരിഹാരം കാണാൻ സാധിക്കും. ഏതാനും ഡോക്ടർമാർ നേതൃത്വം നൽകുന്ന ഒരു സംഘടന അവർക്ക് വൻതോതിൽ പണം ഉണ്ടാക്കുന്നതിനായി മലമ്പുഴയെ കേരളത്തിന്റെ ഒരു ചവറ്റുകുട്ടയാക്കി മാറ്റുന്നത് ശരിയല്ല. കുടുംബത്തിന്റെ ഏകവരുമാനമായിരുന്ന മരണപ്പെട്ട അഭിജിത്തിന്റെ കുടുംബത്തിന്

കോൺട്രാക്ടർമാർ എന്തോ ചെറിയ സംഭാവന നൽകിയെങ്കിലും കമ്പനിയുടെ ഭാഗത്തുനിന്നും കാര്യമായ സംഭാവന നൽകാൻ ഇതുവരെയും തയ്യാറായിട്ടില്ല. മാത്രമല്ല അവിടെ ജോലി ചെയ്യുന്ന തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുകയും വേണം. അതോടൊപ്പം മാലിന്യ സംസ്കരണ പ്ലാന്റിലേയ്ക്കുവരുന്ന മാലിന്യം അതത് ജില്ലകളിൽ സംസ്കരിക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തുകയും ഈ ദുരന്തത്തിൽനിന്നും മലമ്പുഴയെ രക്ഷിക്കാൻ കാര്യമായ ഇടപെടൽ ഉണ്ടാകണമെന്നും വിനയപൂർവ്വം അഭ്യർഥിക്കുകയാണ്.

തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ്: സർ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ കേരള സ്റ്റേറ്റ് ബ്രാഞ്ചിന്റെ ഉടമസ്ഥതയിൽ പുതുശ്ശേരി പഞ്ചായത്തിലെ മാന്തുരുത്തിയിൽ പ്രവർത്തിച്ചുവരുന്ന ബയോമെഡിക്കൽ മാലിന്യസംസ്കരണ പ്ലാന്റാണ്, ഇമേജ് (IMAGE). കേന്ദ്ര/സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ കേരള ബ്രാഞ്ചിലെ ഡോക്ടർമാർ എന്നിവരുടെ നിരീക്ഷണത്തിൽ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ

പാലിച്ചുകൊണ്ടാണ് ഇമേജ് പ്രവർത്തിക്കേണ്ടത്. മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തും. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെയും പ്രവർത്തനാനുമതി, ഇമേജ് നേടിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ സ്ഥിതി ചെയ്യുന്ന കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KEIL) എന്ന സ്ഥാപനത്തിലാണ് സംസ്ഥാനത്തെ 5 ജില്ലകളിലെ സർക്കാർ ആശുപത്രികളിലെ ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നത്. ശേഷിക്കുന്ന 9 ജില്ലകളിലെ ആശുപത്രി മാലിന്യങ്ങൾ ഇമേജിലാണ് സംസ്കരിക്കുന്നത്. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപ്രകാരം 55.8 ടൺ മാലിന്യമാണ് മാന്തുരുത്തിയിലുള്ള ഇമേജിന് സംസ്കരിക്കാൻ അനുമതിയുള്ളത്. അനുവദനീയമായ അളവിൽ കൂടുതൽ മാലിന്യം സംസ്കരിക്കുന്നില്ലെന്ന് ഉറപ്പുവരുത്തും. ഇവിടെ ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികൾക്കും വൈദ്യപരിശോധന നടത്തുകയും ആവശ്യമായ വാക്സിനേഷനുകൾ നൽകുകയും ചെയ്യുന്നുവെന്ന് ഉറപ്പുവരുത്താൻ ആവശ്യമായ

നടപടികൾ സ്വീകരിക്കുന്നതാണ്. ഇമേജിൽ പ്രതിദിനം നാലര ലക്ഷം ലിറ്റർ മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് (ETP) ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എങ്കിലും മലിനജലം ഒഴുക്കിവിടുന്നുവെന്ന ആക്ഷേപം പരിശോധിക്കുന്നതാണ്. ജൂൺ ആദ്യവാരം പ്ലാന്റിലുണ്ടായ അപകടത്തിൽ ഒരു തൊഴിലാളി മരണപ്പെട്ടു. കോവിഡ് കാലത്ത് സംസ്ഥാനത്തുണ്ടായ കോവിഡ് മാലിന്യങ്ങൾ പ്ലാന്റിൽ കൊണ്ടുവന്ന് അതത് ദിവസം തന്നെ സംസ്കരിക്കണമെന്ന കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഉത്തരവുപ്രകാരം പ്രതിദിനം ഉണ്ടാകുന്ന മറ്റ് ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിൽ ബുദ്ധിമുട്ട് നേരിടുകയുണ്ടായി. സംഭവിച്ച തീപ്പിടുത്തവുമായി ബന്ധപ്പെട്ട് ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിൽനിന്ന് ഉദ്യോഗസ്ഥർ വരികയും കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിരുന്നു. അതിന് ഇമേജ് നൽകിയ മറുപടി പരിശോധിച്ച് നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്. സമാനമായ മാലിന്യസംസ്കരണ പ്ലാന്റുകൾ സംസ്ഥാനത്ത് വിവിധയിടങ്ങളിൽ സ്ഥാപിക്കുന്നതിന് സർക്കാർ ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. കേരള സംസ്ഥാന

മലിനീകരണ നിയന്ത്രണ ബോർഡും ഇതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(6) വളക്കൈ-കൊയ്യം റോഡ് നിർമ്മാണം

ശ്രീ. സജീവ് ജോസഫ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ വളക്കൈ-കൊയ്യം റോഡിന്റെ നിർമ്മാണം അനിശ്ചിതമായി വൈകുന്നതുമായി ബന്ധപ്പെട്ടാണ് ഈ സബ്മിഷൻ. കണ്ണൂർ ജില്ലയിലെ മലയോരഗ്രാമങ്ങളെ ജില്ലാ ആസ്ഥാനമായും കണ്ണൂർ എയർപോർട്ടുമായും ബന്ധിപ്പിക്കുന്ന ഏറ്റവും സുപ്രധാനമായ റോഡാണിത്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി തന്നെയാണ് രണ്ടുവർഷം മുൻപ് പ്രവൃത്തിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത്. ഇപ്പോൾ ഈ റോഡിന്റെ നിർമ്മാണം പാതിവഴിയിൽ നിലച്ചിരിക്കുകയാണ്. റോഡിന്റെ ആദ്യഘട്ട ടാറിംഗ് മാത്രമാണ് നിലവിൽ നടന്നിട്ടുള്ളത്. ഇത് എല്ലാഭാഗത്തും പൂർത്തിയായിട്ടില്ല. ആദ്യഘട്ട ടാറിംഗ് നടത്താത്ത ഭാഗങ്ങളെല്ലാം ചളിക്കുളമായി മാറിയിരിക്കുകയാണ്. ഇവിടങ്ങളിൽ കാൽനടയാത്ര പോലും ദുസ്സഹമാണ്. അതുകൊണ്ട് ഏറെ നാളുകളായി ജനങ്ങൾ സമരത്തിലാണ്. വളക്കൈ മുതൽ പാറക്കാടി മിൽ വരെയും

ഇ.എം.എസ്. വായനശാല മുതൽ കൊയ്യം ഖാദി വരെയും ആദ്യഘട്ട മെക്കാഡം ടാറിംഗ് ചെയ്തിട്ടുണ്ട്. ഇതിനിടയിലുള്ള ഭാഗത്താണ് ടാർ ചെയ്യാതിരിക്കുന്നത്. കൊയ്യം ഖാദി മുതൽ വേളം വരെയുള്ള ഭാഗത്ത് നിലവിലുള്ള റോഡിനുമുകളിൽ റീ-ടാറിംഗ് നടത്തുമെന്നാണ് എസ്റ്റിമേറ്റിൽ ഉണ്ടായിരുന്നത്. എന്നാൽ ഈ ഭാഗത്ത് ഓവുചാലുകളുൾപ്പെടെ പണിത് നിലവാരമുള്ള നിലയിൽ നവീകരിക്കണമെന്ന ആവശ്യമുയർന്നതിനെത്തുടർന്ന് എസ്റ്റിമേറ്റ് റിവേഴ്സ് ചെയ്യുകയുണ്ടായി. 80 ലക്ഷം രൂപ അധികമായി ആവശ്യമാണ്. ഈ തുക ലഭിക്കാത്തതുകൊണ്ടാണ് നിർമ്മാണം നിലച്ചിരിക്കുന്നത്. പതിനൊന്നരക്കോടി രൂപയുടെ എസ്റ്റിമേറ്റ് ആയിരുന്നു. എന്നാൽ കരാർ ഉറപ്പിച്ചത് എട്ടരക്കോടി രൂപയ്ക്കാണ്. പദ്ധതിക്ക് അനുവദിച്ച ബാക്കി തുക ഉപയോഗപ്പെടുത്താൻ സാധിക്കും. ഈ ആർ.ഇ. പ്രൊപ്പോസൽ അടിയന്തരമായി അനുവദിച്ച് റോഡിന്റെ നിർമ്മാണം പൂർത്തിയാക്കി ജനങ്ങളുടെ ദുരിതത്തിന് പരിഹാരമുണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇരിക്കൂർ-തളിപ്പറമ്പ് നിയോജകമണ്ഡലങ്ങളിലായി വരുന്ന വളക്കൈ-കൊയ്യം-വേളം റോഡിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ടാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷൻ ഉന്നയിച്ചത്. പദ്ധതിയുടെ ഭരണാനുമതി ലഭ്യമാക്കുന്ന വിഷയത്തിലുൾപ്പെടെ നേരത്തേ ഇടപെട്ടതാണ്. അദ്ദേഹത്തിന് അക്കാര്യം അറിയാം. ഈ സർക്കാർ അധികാരത്തിൽ വന്നശേഷമാണ് 11,16,00,000 രൂപയുടെ ഭരണാനുമതി നൽകിയത്. അതേത്തുടർന്ന് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ റോഡിന്റെ ഒരു ഭാഗത്ത്, നേരത്തെയുണ്ടായിരുന്ന എസ്റ്റിമേറ്റ് തുകയെക്കാൾ കൂടുതൽ പ്രവൃത്തി ചെയ്യേണ്ട സാഹചര്യമുണ്ടായി. ഇതേത്തുടർന്ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും അത് അനുമതിക്കായി സമർപ്പിക്കുകയും ചെയ്തിരുന്നു. ഈ പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തു. എന്നാൽ ഭരണാനുമതി നൽകുന്നതിന് പ്രൈസ് സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട ചില സാങ്കേതിക തടസ്സങ്ങൾ ഉയർന്നുവന്നതിനാൽ ടി.എസ്. നിരക്ക് പ്രകാരമുള്ള തുകയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകേണ്ടിവന്നിരിക്കുകയാണ്. പ്രസ്തുത

ഫയൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. വരുംദിവസങ്ങളിൽതന്നെ തീരുമാനമെടുക്കാൻ കഴിയുമെന്നാണ് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ടപ്പോൾ അറിയിച്ചത്. നിലവിൽ ഈ റോഡിൽ 12 കൾവർട്ടുകൾ, സംരക്ഷണ ഭിത്തി, ഓവുചാലിന്റെ നിർമ്മാണം, ഡി.ബി.എം ആൻഡ് ബി.സി. എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമായാലുടൻ മറ്റ് പ്രവൃത്തികളും പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(7) <u>കരിനിലം-പശ്ചിമ-കുഴിമാവ് റോഡ് പുനരുദ്ധാരണം</u>

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, കോട്ടയം ജില്ലയിൽ വലിപ്പം കൊണ്ടും പൊതുമരാമത്ത് റോഡുകളുടെ ദൈർഘ്യം കൊണ്ടും ഏറ്റവും വലിയ നിയോജകമണ്ഡലമാണ് പൂഞ്ഞാർ. പൂഞ്ഞാറിലെ ബഹുഭൂരിപക്ഷം റോഡുകളും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുനരുദ്ധാരണം നടത്തി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. നിരവധി ബി.എം.-ബി.സി. റോഡുകളും പുതുതായി നിർമ്മിക്കാൻ കഴിഞ്ഞു. അക്കാര്യത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് മന്ത്രിയോടും വകുപ്പിനോടുമുള്ള നന്ദി അറിയിക്കുകയും

അഭിനന്ദനം രേഖപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ മുണ്ടക്കയം പഞ്ചായത്തിലെ 7, 9, 10 വാർഡുകളിലൂടെയും കോരുത്തോട് പഞ്ചായത്തിലെ 7 മുതൽ 12 വരെയുള്ള വാർഡുകളിലൂടെയും കടന്നുപോകുന്ന കരിനിലം-പ്ലാക്കപ്പടി-പശ്ചിമ-കൊട്ടാരംകട-കുഴിമാവ് റോഡ് ഏകദേശം 10 കിലോമീറ്ററോളം ദൈർഘ്യം വരുന്ന പ്രധാനപ്പെട്ട ഒരു റോഡാണ്. പിന്നോക്ക ജനവിഭാഗങ്ങൾ ഏറെ അധിവസിക്കുന്ന ഒരു പ്രദേശത്തുകൂടി കടന്നുപോകുന്ന ഈ റോഡ് ചില സാങ്കേതിക പ്രശ്നങ്ങളിൽപെട്ട് കഴിഞ്ഞ ഏതാനും വർഷങ്ങളായി തകർന്നുകിടക്കുകയാണ്. ജനങ്ങൾ അവിടെ വലിയ പ്രക്ഷോഭപാതയിലാണ്. പശ്ചിമ ദേവീ ക്ഷേത്രമെന്ന ചിരപുരാതനമായ ഒരു ക്ഷേത്രത്തിലേയ്ക്കുള്ള റോഡ്, ശബരിമല കാനനപാതയിലേയ്ക്ക് പോകുന്ന തീർത്ഥാടകർ സഞ്ചരിക്കുന്ന റോഡ്, ആ പ്രദേശത്തേയ്ക്കുള്ള ഏക പൊതുമരാമത്ത് റോഡ് തുടങ്ങി വളരെയേറെ പ്രധാന്യമുള്ള ഈ റോഡ് തകർന്നുകിടക്കുന്നതുകൊണ്ട് ആ പ്രദേശത്തെ ജനങ്ങൾ വലിയ ദുരിതം അനുഭവിക്കുകയാണ്. കെ.എസ്.ആർ.ടി.സി. ബസ് ഉൾപ്പെടെ 7 വാഹനങ്ങൾ സർവ്വീസ് നടത്തിയിരുന്നതാണ്. ഇപ്പോൾ മാസങ്ങളായി ബസ് സർവ്വീസുകൾ

നിലച്ചിരിക്കുകയാണ്. മുൻപ് റോഡ് നവീകരണത്തിനായി ഒരു കോടി രൂപ അനുവദിച്ചിരുന്നു. ആ തുക ഉപയോഗിച്ചുള്ള പുനരുദ്ധാരണം നടത്തുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തിയതിനെത്തുടർന്ന് അയാളെ ടെർമിനേറ്റ് ചെയ്ത് നിരവധി തവണ റീ-ടെൻഡർ ചെയ്തുവെങ്കിലും ആരും കരാർ ഏറ്റെടുത്തില്ല. കൂടുതൽ തുക അനുവദിച്ചുകൊണ്ട് 1,21,66,000 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ ഭരണാനുമതി വേഗത്തിൽ നൽകാനുള്ള നടപടി സ്വീകരിക്കണം. പ്രസ്തുത റോഡിൽ ആ തുക കൊണ്ട് പൂർണമായും പുനരുദ്ധാരണം നടത്താനാകുമെന്ന് കരുതാൻ കഴിയില്ല. അതുകൊണ്ട് ആ റോഡിന്റെ അവസ്ഥ പരിശോധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ അടിയന്തര പരിഗണന കരിനിലം-പശ്ചിമ-കുഴിമാവ് റോഡിന്റെ കാര്യത്തിൽ ഉണ്ടാകണം. കൂടാതെ, റോഡ് പൂർണമായും റീ-ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുന്നതിനുള്ള അടിയന്തര ഇടപെടലും ഉണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പ്രധാനപ്പെട്ട റോഡുകളെ ബന്ധിപ്പിക്കുന്ന 7 കിലോമീറ്റർ

ദൈർഘ്യമുള്ള പ്രധാന ജില്ലാ റോഡാണ് കരിനിലം-പശ്ചിമ-കുഴിമാവ് റോഡ്. ഈ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഒരു കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ പ്രവൃത്തിയിൽ അലംഭാവം കാട്ടിയതിനെത്തുടർന്ന് കരാറുകാരനെ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുകയും പ്രവൃത്തി റീ-ടെൻഡർ ചെയ്യുകയും ചെയ്തു. റീ-ടെൻഡർ നടപടികൾ സ്വീകരിച്ചെങ്കിലും കരാറുകാർ ആരും പ്രവൃത്തി ഏറ്റെടുത്തില്ല. റോഡിന്റെ നിലവിലെ സ്ഥിതികൂടി പരിഗണിച്ച് 1,21,00,000 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് ഭരണാനുമതി തുകയെക്കാൾ അധികരിച്ചതിനാൽ ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമാണ്. ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതാണ്.

(8) <u>ഉടുമ്പൻചോല ഗവ. തമിഴ് ഹൈസ്കൂളിൽ യു.പി. വിഭാഗം അനുവദിക്കൽ</u>

<u>ശ്രീ. എം. എം. മണി</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഉടുമ്പൻചോല ഗവൺമെന്റ് തമിഴ് ഹൈസ്കൂളിൽ തമിഴ് എൽ.പി.-എച്ച്.എസ്.

വിഭാഗങ്ങളുണ്ട്. എന്നാൽ, തമിഴ് യു.പി. വിഭാഗം നിലവിലില്ല. അവിടെ തമിഴ് യു.പി. വിഭാഗം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഉടുമ്പൻചോല ഗവൺമെന്റ് എൽ.പി. സ്കൂളിനെ 2010-ൽ രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (RMSA) ഫണ്ടുപയോഗിച്ച് അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂൾ ആക്കിയതാണ്. പ്രസ്തുത സ്കൂളിൽ 1, 2, 3, 4, 8, 9, 10 ക്ലാസുകളിൽ ആകെ 152 കുട്ടികൾ പഠിക്കുന്നുണ്ട്. തമിഴ് മീഡിയം മാത്രമുള്ള പ്രസ്തുത സ്കൂളിനെ എൽ.പി. വിഭാഗത്തിൽനിന്നും യു.പി. വിഭാഗം അനുവദിക്കാതെയാണ് തമിഴ് ഹൈസ്കൂൾ ആയിട്ടാണ് അപ്ഗ്രേഡ് ചെയ്തിരിക്കുന്നത്. തൽഫലമായി എൽ.പി. വിഭാഗം പഠനം പൂർത്തീകരിക്കുന്ന കുട്ടികൾക്ക് യു.പി. ക്ലാസുകളുടെ പഠനത്തിനായി വിദൂരസ്ഥലങ്ങളിൽ പോയി പഠിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. പ്രസ്തുത സ്കൂളിന്റെ മൂന്ന് മുതൽ അഞ്ച് കിലോമീറ്റർ വരെ ദൂരപരിധിയിൽ മറ്റ് സർക്കാർ/എയ്ഡഡ് സ്കൂളുകളൊന്നും പ്രവർത്തിക്കുന്നില്ല. സ്കൂളിന്റെ 2024-25 വർഷത്തെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം 16 ക്ലാസ്റൂമുകൾ ലഭ്യമാണ്. നിലവിൽ എൽ.പി. വിഭാഗത്തിൽ 4 ഡിവിഷനുകളും ഹൈസ്കൂൾ വിഭാഗത്തിൽ

3 ഡിവിഷനുകളും ചേർന്ന് ആകെ 7 ഡിവിഷനുകളാണ് അധ്യയനം നടത്തുന്നത്. നിലവിൽ സ്കൂളിൽ പി.ടി.എ.-യുടെ നേതൃത്വത്തിൽ യു.പി.വിഭാഗം അൺ-എയ്ഡഡ് ആയും പ്രവർത്തിച്ചുവരുന്നുണ്ട്. അൺ-എയ്ഡഡ് യു.പി. വിഭാഗത്തിൽ ആകെ 42 കുട്ടികൾ പഠിക്കുന്നുണ്ട്. സ്കൂളിന് യു.പി. വിഭാഗം അനുവദിക്കുകയാണെങ്കിൽ ആയതുകൂടി പ്രവർത്തിപ്പിക്കുവാനുള്ള ഫിറ്റ്നസ് ലഭിച്ച കെട്ടിടവും ക്ലാസ് മുറികളും പ്രസ്തുത സ്കൂളിന് ലഭ്യമാണെന്നാണ് അറിയാൻ കഴിയുന്നത്. യു.പി. വിഭാഗം ബ്രിഡ്ജ് കോഴ്സിനായി അനുവദിക്കുമ്പോൾ അഞ്ചാം ക്ലാസ് തുടങ്ങുന്നതിലേയ്ക്കായി ഒരു യു.പി.എസ്.ടി. (തമിഴ്) അധ്യാപക തസ്തികയും ഒരു ജൂനിയർ ലാംഗ്വേജ് (ഹിന്ദി) അധ്യാപക തസ്തികയും ആവശ്യമായിവരും. എൽ.പി.-ഹൈസ്കൂൾ വിഭാഗങ്ങൾ പ്രവർത്തിക്കുകയും എന്നാൽ യു.പി. വിഭാഗം ഇല്ലാതിരിക്കുകയും ചെയ്യുന്ന ഏതാനും സ്കൂളുകൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രത്യേക നിർദേശപ്രകാരം വയനാട് ജില്ലയിൽ യു.പി. വിഭാഗമില്ലാതെ പ്രവർത്തിച്ചുവന്നിരുന്ന ജി.എച്ച്.എസ്. അതിരാറ്റുകുന്ന്, ജി.എച്ച്.എസ്. വാളവയൽ, ജി.എച്ച്.എസ്. പുളിഞ്ഞാൽ എന്നീ മൂന്ന്

സ്കൂളുകളിൽ 2024-25 അധ്യയന വർഷത്തിൽ 5-ാം ക്ലാസും തുടർവർഷങ്ങളിൽ 6, 7 ക്ലാസുകളും ആരംഭിക്കുന്നതിന് 2024 ജൂലൈ മാസം 3-ന് കൂടിയ മന്ത്രിസഭായോഗം തീരുമാനിച്ചു. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ യു.പി. സ്കൂൾ വിഭാഗം പ്രവർത്തിക്കാത്തതിനാൽ കുട്ടികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ച് സംരക്ഷിത അധ്യാപകർ, എസ്.എസ്.കെ. വോളണ്ടിയർമാർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തിയും ബ്രിഡ്ജ് കോഴ്സ് എന്നനിലയിൽ തുടക്കവർഷത്തിൽ 5-ാം ക്ലാസും തുടർവർഷങ്ങളിൽ 6, 7 ക്ലാസുകളും ഉടുമ്പൻചോല ഗവൺമെന്റ് ഹൈസ്കൂളിൽ ആരംഭിക്കുന്ന വിവരം സർക്കാരിന്റെ പരിഗണനയിലാണ്.

(9) പ്ലസ്‌വൺ പ്രവേശനം

ശ്രീമതി കാനത്തിൽ ജമീല: സർ, നമ്മുടെ സംസ്ഥാനത്ത് 39 ടെക്നിക്കൽ സ്കൂളുകളാണുള്ളത്. വർഷത്തിൽ ഏകദേശം മൂവായിരത്തിൽപ്പരം വിദ്യാർത്ഥികൾ പത്താം ക്ലാസ് പൂർത്തിയാക്കി പുറത്തിറങ്ങുന്നുണ്ട്. ഇത്തരത്തിൽ പത്താം ക്ലാസ് പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾ ജനറൽ സ്കൂളുകളിലേയ്ക്ക് പോകുമ്പോൾ പ്ലസ്‌വണ്ണിന് അപേക്ഷിക്കുന്ന സമയത്ത് മറ്റ്

പൊതുവിദ്യാലയങ്ങളിൽനിന്നും ജനറൽ സ്കൂളിലേയ്ക്ക് പ്ലസ്‌വണ്ണിന് അപേക്ഷിക്കുന്ന കുട്ടികൾക്ക് ലഭിക്കുന്ന ബോണസ് പോയിന്റ് ലഭിക്കുന്നില്ല. ഇക്കാരണത്താൽ ടെക്നിക്കൽ സ്കൂളിൽനിന്നും എല്ലാ വിഷയങ്ങൾക്കും A+ വാങ്ങി പാസ്സാകുന്ന വിദ്യാർത്ഥികൾക്കുപോലും മറ്റ് പൊതുവിദ്യാലയത്തിലെ വിദ്യാർത്ഥികളെ അപേക്ഷിച്ച് പ്ലസ്‌വണ്ണിന് അഡ്മിഷൻ ലഭിക്കുന്നില്ല. പ്രസ്തുത വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുംപ്രകാരം വീടിന് സമീപമുള്ള ജനറൽ വിദ്യാലയങ്ങളിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് അതിന്റെ തുടർച്ചയായി അതേ സ്കൂളിലും അതേ വിദ്യാഭ്യാസ സമ്പ്രദായത്തിലും ഉപരിപഠനം സാധ്യമാകുന്നതിനായി വിവിധ പരാതികളുടെയും കോടതി വിധികളുടെയും അടിസ്ഥാനത്തിലാണ് സർക്കാർ നയപരമായ തീരുമാനപ്രകാരം വിദ്യാർത്ഥികൾക്ക് പ്ലസ്‌വൺ പ്രവേശനത്തിന് വിവിധ ബോണസ് പോയിന്റുകൾ നൽകിവരുന്നത്.

നിലവിൽ കേരള സിലബസ്സിൽ SSLC പരീക്ഷ ജയിച്ച കുട്ടികൾക്ക് മാത്രമാണ് ബോണസ് പോയിന്റ് നൽകിവരുന്നത്. പൊതുവിദ്യാഭ്യാസ രംഗം പ്രോത്സാഹിപ്പിക്കുന്നതിനും ഇത് മെച്ചപ്പെടുത്തുന്നതിനും പൊതുവിദ്യാലയങ്ങളിലൂടെ അവരുടെ വിദ്യാഭ്യാസം പൂർത്തീകരിച്ചവർക്ക് അതേ വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ ഉപരിപഠനത്തിന് അവസരം ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ടാണ് സർക്കാരിന്റെ നയപരമായ തീരുമാനപ്രകാരം കേരള സിലബസ്സിൽ SSLC പരീക്ഷ ജയിച്ച കുട്ടികൾക്ക് മൂന്ന് ബോണസ് പോയിന്റ് പ്ലസ്‌വൺ പ്രവർശനത്തിന് ഏർപ്പെടുത്തിയിട്ടുള്ളത്. 2013-14 അധ്യയന വർഷമാണ് ഇത്തരത്തിൽ ബോണസ് പോയിന്റ് നൽകാൻ തുടങ്ങിയത്. പ്രസ്തുത വർഷംതന്നെ CBSE സ്കീമിലൂടെ യോഗ്യത നേടിയ വിദ്യാർത്ഥികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഇതിനെതിരായി ഹർജി നൽകുകയും പ്രസ്തുത ഹർജിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി സർക്കാരിന്റെ തീരുമാനത്തിനായി ഉത്തരവിടുകയും സർക്കാർ പ്രസ്തുത ബോണസ് പോയിന്റ് ഒന്നു മുതൽ പത്തുവരെ പഠനം തുടരുന്ന SSLC വിദ്യാർത്ഥികളുടെ താൽപ്പര്യാർത്ഥം അവർക്ക് മാത്രമായി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 2016

അധ്യയന വർഷം THSLC (Technical High School Leaving Certificate) Examination പാസ്സായ വിദ്യാർത്ഥികൾക്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തെങ്കിലും ബഹുമാനപ്പെട്ട കോടതി പ്രസ്തുത ബോണസ് പോയിന്റ് നൽകുവാൻ ഉത്തരവിറക്കിയിട്ടില്ല. ടെക്നിക്കൽ ഹൈസ്കൂളുകളിലേയ്ക്കുള്ള പ്രവേശനം അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. ഏഴാം ക്ലാസ് വരെ പൊതുധാരാ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം സാങ്കേതിക വിദ്യാഭ്യാസത്തിനാണ് വിദ്യാർത്ഥികൾ ടെക്നിക്കൽ ഹൈസ്കൂളുകളിലേയ്ക്ക് മാറി പ്രവേശനം നേടുന്നത്. എഞ്ചിനിയറിംഗിലോ ശാസ്ത്ര സാങ്കേതിക മേഖലകളിലോ ഉപരിപഠനത്തിന് ശക്തമായ അടിത്തറ നൽകുന്ന ടെക്നിക്കൽ ഹൈസ്കൂളുകളെ വിദ്യാഭ്യാസ പദ്ധതിയിൽ പത്താം ക്ലാസ് കഴിയുന്നവർക്ക് തുടർ വിദ്യാഭ്യാസത്തിന് 15 ടെക്നിക്കൽ സ്കൂളുകളിലായി 2530 സീറ്റുകൾ പ്ലസ്‌വൺ പഠനത്തിൽ ലഭ്യമാണ്. കൂടാതെ പോളിടെക്നിക്കുകളിൽ പ്രവേശനത്തിന് ടെക്നിക്കൽ ഹൈസ്കൂൾ പരീക്ഷ ജയിച്ചവർക്ക് പത്ത് ശതമാനം സീറ്റ് സംഭരണം ചെയ്തിട്ടുണ്ട്. ഈ ആനുകൂല്യങ്ങൾ SSLC പരീക്ഷ ജയിച്ചവർക്ക് നൽകുന്നില്ല. മറ്റ് വിദ്യാഭ്യാസ

സമ്പ്രദായങ്ങളിൽനിന്നും മറ്റ് ബോർഡുകളിൽനിന്നുമുള്ള വിദ്യാർത്ഥികളുടെ തള്ളിക്കയറ്റം SSLC ജയിച്ച വിദ്യാർത്ഥികളുടെ പ്ലസ്‌വൺ പ്രവേശനത്തെ സാരമായി ബാധിക്കുന്നുവെന്നുള്ള പരാതി മുൻനിർത്തി സംസ്ഥാന സ്കൂൾ കരിക്കുലം കമ്മിറ്റി പ്രസ്തുത വിഷയം പരിശോധിക്കുകയും കേരള സിലബസ്സിൽ SSLC ജയിച്ചവർക്ക് മാത്രം മൂന്ന് ബോണസ് പോയിന്റ് നൽകുവാൻ ശിപാർശ ചെയ്യുകയുമായിരുന്നു. കേരള പബ്ലിക് എക്സാമിനേഷൻ ബോർഡാണ് THSL സർട്ടിഫിക്കറ്റുകൾ നൽകുന്നത്. അത് ബോണസ് പോയിന്റ് അർഹതയ്ക്കായി പരിഗണിക്കാനാവില്ല. കേരള പബ്ലിക് എക്സാമിനേഷൻസ് ബോർഡ് സർട്ടിഫിക്കറ്റ് നൽകുന്ന SSLC, HI THSLC, HI AHSLC (Art High School Leaving Certificate) എന്നിവർക്കും ബോണസ് പോയിന്റ് നൽകുന്നില്ല. 2024-25 അധ്യയന വർഷം ടെക്നിക്കൽ സ്കൂളിൽനിന്നും ഉപരിപഠനത്തിന് അർഹത നേടിയ 1309 വിദ്യാർത്ഥികൾ സംസ്ഥാനത്ത് ജനറൽ ഹയർ സെക്കണ്ടറി സ്കൂളിൽ പ്രവേശനം നേടിയിട്ടുണ്ട്. ഇതാണ് ഇതിന്റെ പൊതുസ്ഥിതി. ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്ന അവസരത്തിൽ ഈ വിഷയത്തിൽ എന്തുചെയ്യാൻ കഴിയുമെന്ന് ആലോചിക്കാം.

(10) ഭവന നിർമ്മാണത്തട്ടിപ്പിനിരായവർക്ക് വീട് നിർമ്മിച്ച നൽകൽ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എന്റെ നിയോജകമണ്ഡലത്തിലുൾപ്പെട്ട അട്ടപ്പാടി അഗളി ഗ്രാമപഞ്ചായത്തിലെ ഭൂതിവഴി സെറ്റിൽമെന്റിലെ ഏഴ് ആദിവാസ കുടുംബങ്ങളുടെ ദയനീയമായ ചിത്രം സഭയുടെയും ബഹു. മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുവാനും അതിന് പരിഹാരം തേടുവാനും വേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 2016-ൽ സർക്കാർ ആദിവാസി വിഭാഗത്തിന് ഭവന നിർമ്മാണത്തിനായി പണം അനുവദിച്ച ഏഴ് കുടുംബങ്ങളുടെ കരാറുകാരായി വർക്ക് ഏറ്റെടുത്ത ആളുകൾ ഈ കുടുംബങ്ങളെ വളരെ വലിയ തട്ടിപ്പിന് വിധേയമാക്കിരിക്കുകയാണ്. ഈ പാവപ്പെട്ട ഏഴ് ആദിവാസി കുടുംബങ്ങളിൽപ്പെട്ട ഓരോരുത്തരുടെയും പേരിൽ അക്കൗണ്ടിലേക്ക് വന്ന 3,77,500 രൂപ ഈ കരാറുകാർ തട്ടിച്ചെടുക്കുകയും വാസയോഗ്യമല്ലാത്ത വീടുകൾ നിർമ്മിച്ചുനൽകുകയുമാണ് ചെയ്തിരിക്കുന്നത്. ആ വീടിന്റെ ചിത്രങ്ങളാണ് എന്റെ കൈവശമുള്ളത്. അത് വേണമെങ്കിൽ മേശപ്പുറത്ത് വയ്ക്കാം, ബഹുമാനപ്പെട്ട മന്ത്രിക്കുവേണമെങ്കിൽ ആ ചിത്രം സമർപ്പിക്കുകയും ചെയ്യാം. ഇത്തരത്തിൽ പൊളിഞ്ഞ ചുമരുകളുള്ള വീടുകളിൽ

ആർക്കും താമസിക്കാൻ കഴിയില്ല. ഈ ചിത്രത്തിൽ കാണുന്ന വൃദ്ധരും കുട്ടികളുമെല്ലാം കുടുംബാംഗങ്ങളാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് ഗ്രീൻ മൂവ്മെന്റും മനുഷ്യവാകാശ പ്രവർത്തകനായ അഡ്വ. പി. എ. പൗരന്റെ നേതൃത്വത്തിലും ഇടപെടുകയും അതുസംബന്ധിച്ച പരാതികൾ കൊടുക്കുകയും പോലീസ് കേസെടുക്കുകയും ചെയ്തിരിക്കുകയാണ്. ഇപ്പോൾ ആ കേസ് ഇഴഞ്ഞുനീങ്ങുകയാണ്. ആ കേസ് ത്വരിതപ്പെടുത്താൻ പട്ടികവർഗ്ഗ വകുപ്പിന്റെ ഇടപെടൽ ആവശ്യമാണെന്നാണ് ഒന്നാമതായി ആവശ്യപ്പെടാനുള്ളത്. രണ്ടാമതായി, ഇപ്പോൾ ഇവർ വീടില്ലാതെ വെയിലത്തും മഴയത്തും ഊരിൽ താമസിക്കേണ്ട അവസ്ഥയാണുള്ളത്. ഇവിടെ വഞ്ചിക്കപ്പെട്ട/ചതിക്കപ്പെട്ട ഈ ഏഴ് കുടുംബങ്ങൾക്ക് അടിയന്തരമായി വീട് നിർമ്മിച്ച് നൽകാൻ പട്ടികവർഗ്ഗ വകുപ്പ് ഇടപെടണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. അവർക്കുവേണ്ടി പുതിയ വീടുകൾ നിർമ്മിച്ച് നൽകണം. കരാറുകാരന്റെ കൈയിൽനിന്ന് പണം തിരിച്ചുപിടിച്ച് ഏത് കാലത്താണ് ഈ കേസ് തീർപ്പാക്കി അതിന് പരിഹാരമുണ്ടാക്കാൻ സാധിക്കുന്നത്? 70-80 വയസ്സ് പ്രായമുള്ള വൃദ്ധരും വളരെ പാവപ്പെട്ട സ്ത്രീകളും ആക്കൂട്ടത്തിലുണ്ട്. ഇന്ന് അവർ

വെയിലും മഴയും മഞ്ഞും കൊണ്ടാണ് ജീവിക്കുന്നത്. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകണം. ഞാൻ ഇതിൽ രാഷ്ട്രീയം പറയുന്നതല്ല. ഈ തട്ടിപ്പിന് നേതൃത്വം കൊടുത്തത് ഭരണകക്ഷിയുടെ നേതാവുകൂടിയാണ്. അദ്ദേഹമാണ് ഈ കേസിലെ ഒന്നാം പ്രതി. ഈ പാവപ്പെട്ട ഏഴ് ആദിവാസി കുടുംബങ്ങൾക്ക് അടിയന്തരമായി വീട് നിർമ്മിച്ച് നൽകാനുള്ള പദ്ധതി പട്ടികവർഗ്ഗ വകുപ്പ് കണ്ടെത്തണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, പാലക്കാട് മണ്ണാർക്കാട് നിയോജകമണ്ഡലത്തിലുൾപ്പെടുന്ന അഗളി ഗ്രാമപഞ്ചായത്തിലെ ഭൂതിവഴി സെന്റിൽമെന്റിലെ ഏഴ് ഗുണഭോക്താക്കൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 2015-16-ലെ എ.ടി.എസ്.പി. പദ്ധതിപ്രകാരമാണ് വീട് അനുവദിച്ചിട്ടുള്ളത്. പദ്ധതിയിലുൾപ്പെടുത്തി 3,27,500 രൂപ വീതം ഓരോ ഗുണഭോക്താവിനും ധനസഹായം അനുവദിക്കുകയും രണ്ട് പേർക്ക് 1,62,500 രൂപ വീതവും മറ്റ് അഞ്ച് പേർക്ക് 1,72,500 രൂപ വീതവും എന്നിങ്ങനെ ആകെ 11,87,500 രൂപ ലൈഫ് പദ്ധതിപ്രകാരവും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി

നിർവ്വഹിക്കുന്നതിന് വകുപ്പ് ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടുകൊണ്ടാണ് വീട് അനുവദിച്ച് നൽകിയിട്ടുള്ളത്. വീട്ടുപണി നടത്തുന്നതിന് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് വകുപ്പിൽനിന്നും നേരിട്ട് തുക അനുവദിച്ചിരുന്നു. എന്നാൽ ടി ഗുണഭോക്താക്കൾ വീട് നിർമ്മാണത്തിനായി ചുമതലപ്പെടുത്തിയ കരാറുകാർ വീട് നിർമ്മാണം പൂർത്തിയാക്കാതെ വകുപ്പിൽനിന്നും അനുവദിച്ച തുക വാങ്ങിയെടുത്തുയെന്നാണ് ഗുണഭോക്താക്കൾ പരാതി ഉന്നയിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ കരാറുകാരായ ശ്രീ. അബ്ദുൽ ഗഫൂർ, ശ്രീ. മുഹമ്മദ് ബഷീർ, ശ്രീ. മുഹമ്മദ് ജാക്കിർ എന്നിവർക്കെതിരെ ഗുണഭോക്താക്കൾ നൽകിയ പരാതിയിൽ അഗളി പോലീസ് ക്രൈം നം. 215/2019, 246/2019, 301/2019 ആയി കേസുകൾ രജിസ്റ്റർ ചെയ്യുകയും പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം കേസ് മണ്ണാർക്കാട് കോടതി മുമ്പാകെ സമർപ്പിച്ചിട്ടുമുണ്ട്. നിലവിൽ പ്രസ്തുത കേസ് ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലാണ്. മേൽസൂചിപ്പിച്ച പ്രകാരമുള്ള ഗുണഭോക്താക്കളിൽ അഞ്ച് പേർക്ക് അഞ്ച് ലക്ഷം രൂപ വീതവും രണ്ട് പേർക്ക് 4.90 ലക്ഷം രൂപ വീതവും ആകെ 34.80 ലക്ഷം

രൂപ അനുവദിക്കുകയും ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിരുന്നു. ഈ ഗുണഭോക്താക്കളുടെ വീടുകൾ അഗളി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ പരിശോധിച്ചതിൽനിന്ന്, നിലവിലെ വീടുകളുടെ റൂഫിംഗ്, പ്ലാസ്റ്ററിംഗ് എന്നിവ ഇളകി ചോർച്ചയുണ്ടെന്ന് അട്ടപ്പാടി പ്രോജക്ട് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവന പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി റൂഫിന്റെ ചോർച്ച പരിഹരിക്കുന്നതിനാവശ്യമായ നിർദേശം വകുപ്പ് നൽകിയിട്ടുണ്ട്.